## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1395 — 13.06.2014 ലെ മറുപടിക്ക്.

## ഗ്രന്ഥശാലകളുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| (എ) ഗ്രന്ഥശാലകളുടെ ശാക്തീകരണം സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) നാലു തലങ്ങളിലായാണ് സംസ്ഥാനത്ത് ഗ്രന്ഥശാലാ മേഖല പ്രവർത്തിക്കുന്നത്. (1) ഗ്രന്ഥശാലാതലം (2) താലൂക്ക് ലൈബ്രറി കൌൺസിൽ (താലൂക്ക് തലം) (3) ജില്ലാ ലൈബ്രറി കൌൺസിൽ (ജില്ലാ തലം) (4) സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ (സംസ്ഥാന തലം) എന്നിങ്ങനെയാണ് നാലുതലങ്ങൾ. കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ ഗ്രന്ഥശാലാ തലത്തിൽ ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ്, പെർഫോർമൻസ് ഗ്രാന്റ്, ലൈബ്രേറിയൻമാർക്കുള്ള അലവൻസ്, കെട്ടിട ഗ്രാന്റ്, ദുരിതാശ്വാസ ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ് തുടങ്ങിയവ നൽകുന്നു. ഇതിനു പുറമെ ലൈബ്രറി കൌൺസിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും ഗ്രന്ഥശാലാ തലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ഗ്രന്ഥശാലകളെ കാലഘട്ടത്തിന് അനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ രണ്ട് വർഷമായി കൂടുതൽ ഗ്രന്ഥശാലകളെ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള പദ്ധതി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാന വ്യാപനത്തിന്റെ സാദ്ധ്യതകൾ ഗ്രാമീണതലത്തിൽ ലഭ്യമാകുവാനും ആഗോള വിജ്ഞാന വിനിമയ ശൃംഖലയുടെ ഭാഗമാകുവാൻ ആയിരം |

ഗ്രാമീണ ഗ്രന്ഥശാലകളെ ഘട്ടംഘട്ടമായി ഇന്റർനെറ്റ് സൌകര്യത്തോടെ നവീകരിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിലൂടെ സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രാമീണതലത്തിലെ ഇൻഫർമേഷൻ സെന്ററുകളായി ഗ്രന്ഥശാലകളെ മാറ്റുവാൻ കഴിയും. ജനകീയ ജീവിതത്തിന്റെ എല്ലാ മേഖലകളുടെയും മുഖ്യ കേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ ശക്തിപ്പെടുന്നതിന് ആവശ്യമായ വികസന പദ്ധതികൾ സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ ആവിഷ്കരിച്ച നടപ്പിലാക്കുന്നുണ്ട്.

(ബി) ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം മൂലം വായനാശീലം കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം വായനാശീലത്തെ ബാധിച്ചിട്ടുണ്ട് എന്നത് തർക്കമുള്ള വിഷയമാണ്. ഇത് വായനയുടെ സമയത്തെ ബാധിച്ചിട്ടുണ്ടാവാം. എങ്കിലും മലയാളിയുടെ സവിശേഷതയായ വായനാശീലം വളരുകതന്നെയാണ് എന്ന് കേരളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളുടെ എണ്ണവും വില്പനയും പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ വൈപുല്യവും വെളിവാക്കുന്നു. ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണവും ഗൌരവമുള്ള വായനയും വർദ്ധിക്കുന്നതായാണ് അനുഭവപ്പെടുന്നത്. കുട്ടികളും സ്ത്രീകളും കൂടുതലായി ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന പുസ്തകോത്സവങ്ങളിലെ ജനകീയ പങ്കാളിത്തവും ശ്രദ്ധേയമാണ്.

(സി) ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നുവെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ ?

(സി) സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ ശൃംഖലിതമായ സംഘടിത സ്വഭാവം നിലനിർത്തുന്നതിലൂടെയാണ് പ്രധാനമായും ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിയുന്നത്. കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ എല്ലാ വർഷവും മികച്ച ഗ്രന്ഥശാലകളുടെ പ്രവർത്തനം

വിലയിരുത്തി ഗ്രേഡ് നിശ്ചയിച്ച് വാർഷിക ഗ്രാന്റ് നൽകുന്നു. കരിയർ ഗൈഡൻസ് സെന്ററുകൾ, അക്കാദമിക് സ്റ്റഡിസെന്ററുകൾ, മാതൃകാ ഗ്രാമീണ ഗ്രന്ഥശാലകൾ, താലൂക്ക് റഫറൻസ് ലൈബ്രറികൾ, ബാലവേദി, വനിതാവേദി തുടങ്ങിയ നിരവധി പദ്ധതി - പദ്ധതിയേതര വികസന പ്രവർത്തനങ്ങളാണ് ഗ്രന്ഥശാലകളിൽ സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ നടപ്പിലാക്കുന്നത്. വികസന പദ്ധതികൾ സംയോജിപ്പിക്കുന്നത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഗ്രന്ഥശാലകളെ കോർത്തിണക്കി രൂപീകരിച്ചിട്ടുള്ള നേതൃസമിതികൾ വഴി വ്യത്യസ്തമായ വികസന പദ്ധതികളുടെ ഉപയോഗം അവിടത്തെ എല്ലാ ഗ്രന്ഥശാലകൾക്കും ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ട്. ജില്ലാ ലൈബ്രറി കൌൺസിലുകൾ മുഖേന ഗ്രന്ഥശാലകളിൽ നടപ്പിലാക്കുന്ന ജില്ലാ വികസന പദ്ധതികൾ ഗ്രന്ഥശാലകളുടെ ഭൌതിക സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും സഹായകരമാണ്.

(signature)

സെക്ഷൻ ഓഫീസർ